# “തമ്പുരാന്റെ കൊടുക്കലും വാങ്ങലും”

## മത്തായി 20:1-16

മുന്തിരിപ്പാടങ്ങളും, മുന്തിരിതോട്ടത്തിലെ ജോലിക്കാരും സുലഭമായിരുന്ന പാലസ്തിനയുടെ പശ്ചാത്തലത്തിലാണ് കർത്താവ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ പറയുന്നത്. തന്റെ മുന്തിരിത്തോട്ടത്തിലേക്ക് അതിരാവിലെ ജോലിക്കാരെ വിളിക്കാൻ പുറപ്പെട്ട കൃഷിക്കാരന്റെ സ്വഭാവത്തെ അവതരിപ്പിക്കുന്നതിലൂടെ ദൈവരാജ്യത്തിന്റെ സവിശേഷതയെ വ്യക്തമാക്കുകയാണ് കർത്താവ്.

യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശങ്ങളിലൊന്നിലേക്ക് കേൾവിക്കാരെയും വായനക്കാരെയും കൊണ്ടുപോവുകയാണ് സുവിശേഷകൻ. ഈശോ എന്തിനുവേണ്ടി ഈ ഭൂമിയിലേക്കു വന്നുവോ അതെ ദൌത്യം അവൻ പൂർത്തിയാക്കുകയാണിവിടെ. ഈശോയുടെ വരവിന്റെ ലക്ഷ്യം, സ്വർഗ്ഗരാജ്യത്തെക്കുറിച്ചും,ആ രാജ്യത്തെ പിതാവിനെക്കുറിച്ചും, ആ രാജ്യത്തിന്റെ സ്വഭാവസവിശേഷതകളെക്കുറിച്ചും പഠിപ്പിക്കുവാനായിരുന്നു. അതുകൊണ്ടാണ് അവന്റെ ഉപമകളടേയും, കഥകളുടെയും, സാരോപദേശങ്ങളുടെയും അന്തസത്ത സ്വർഗ്ഗരാജ്യത്തിന്റെ സൌന്ദര്യവും, ചൈതന്യവും ഉളകൊണ്ടിരുന്നത്. അതുപോലെതന്നെ ദൈവരാജ്യത്തിൽ എല്ലാവരും തുല്യരാണ് എന്നും അവിടുന്ന് നമ്മെ പഠിപ്പിക്കുന്നു. അവിടെ പണ്ഡിതനോ പാമരനോ പാവപ്പെട്ടവനോ ധനവാനോ എന്നില്ല. എല്ലാവരും തുല്യരാണ്. എല്ലാം ദൈവനീതിയുടെ പ്രതിഫലനങ്ങൾ മാത്രം.

ദൈവത്തിന്റെ നീതിയും മനുഷ്യന്റെ നീതിയും സുവിശേഷത്തിന്റെ കാഴ്ചപ്പാടിൽവിഭിന്നമാണൊണ് മത്തായിശ്ളീഹാ സമർത്ഥിക്കുന്നത്. മനുഷ്യന്റെ നീതി ഓരോരുത്തർക്കും അവകാശപ്പെട്ടത് കൊടുത്തു തീർക്കുന്നതിൽ അവസാനിക്കുമ്പോൾ, ദൈവനീതി അർഹിക്കാത്തവന് പോലും സമൃദ്ധമായി നൽകുന്നതിൽ ആരംഭിക്കുകയാണ്. അതുകൊണ്ടുതന്നെ ദൈവം നീതിമാനാണെന്നപ്രയോഗം മനസ്സിലാക്കാൻ മനുഷ്യന്റെ നീതി ബോധത്തിന്റെ ‘ജാർഗൺസ്’ മതിയാകാതെ വരുന്നത്. ദൈവം നീതിമാനാണെന്ന പ്രയോഗം മനസ്സിലാകണമെങ്കിൽ ഇന്നത്തെ സുവിശേഷം സാക്ഷിക്കുന്നതുപോലെ ഒന്നാം മണിക്കൂറിലും, ഒമ്പതാം മണിക്കൂറിലും, പതിനേഴാം മണിക്കൂറിലും വേലക്കെത്തിയവർക്കും തുല്യവേദനം നൽകുന്നകൃഷിക്കാരന്റെ നീതിബോധത്തിന്റെ ആന്തരിക ചൈതന്യം മനസ്സിലാക്കേണ്ടതുണ്ട്.

കൃഷിക്കാരന്റെ പ്രവർത്തനത്തിലൂടെ വെളിപ്പെടുന്നത് ദൈവത്തിന്റെ മനസ്സാണ്. ഒന്നാം മണിക്കുറിൽ വന്നവനും പതിനൊന്നാം മണിക്കൂറിൽവന്നവനും ഒരേ വേതനം തന്നെ നൽകുന്ന ദൈവം കണ്ടത് ഏതാനും മണിക്കൂറുകളുടെ അദ്ധ്വാനത്തിൽനിന്നുണ്ടാകുന്ന ലാഭം മാത്രമല്ല പതിനൊന്നാംമണിക്കുറിൽ എത്തിയവന്റെ ആവശ്യങ്ങളെക്കൂടി ആയിരുന്നു. ചിലപ്പോൾ മനുഷ്യരായ നാം കാണാതെയും അറിയാതെയും പോകുന്ന ഭാഗം.

നിയമങ്ങളുടെയും ചട്ടങ്ങളുടെയും തുലാസ്സുകളിളുടെ മാത്രം എല്ലാം അളക്കുവാൻ ശ്രമിക്കുന്ന മനുഷ്യന് ദൈവനീതി മനസ്സ്സിലാകനമെങ്ങിൽ ആ സ്വരൂപതിലും രൂപത്തിലും മേനയപ്പെട്ടവാൻ ആ മനസ്സിന്റെയും ഉടമയാകണം.

ദൈവം നീതിമാനാണ് എന്നു പറയുമ്പോൾ ദൈവത്തിന്റെ നീതി എന്നത് കാരുണ്യത്തോടുകൂടിയ സ്നേഹമാണ് നാം തിരിച്ചറിയുരുത്. ദൈവത്തിന്റെ കാരുണ്യത്തോടുകൂടിയ സ്നേഹം പ്രകടമാകുന്ന ഈ ഉപമ സ്വർഗ്ഗരാജ്യത്തിന്റെ സ്വഭാവം എന്തെന്നുകൂടി വ്യക്തമാക്കുന്നുണ്ട്. സ്വർഗ്ഗരാജ്യത്തിൽ എല്ലാവരും തുല്യരാണെന്നു സുവിശേഷം ഓർമ്മിപ്പിക്കുകയാണ്. അവിടെ എല്ലാവർക്കും തുല്യസ്ഥാനമാണ്. എല്ലാവരെയും ഒരുപോലെയാണ് പരിഗണിക്കുന്നത്. അവകാശങ്ങളെക്കാൾ കൂടുതൽ അവശ്യങ്ങൾക്കാണ് ദൈവരാജ്യത്തിന്റെ പ്രാമുഖ്യം.

നാം പലപ്പോഴും അവകാശങ്ങൾക്കായി മുറവിളി കൂട്ടുമ്പോൾ ആവശ്യങ്ങൾ മറന്നു കളയാരുണ്ടോ? അപരന്റെ അവകാശവും ആവശ്യവും നടത്തുമ്പോൾ ആണ് നീതി പൂർണമായും പകവത പ്രാപിക്കുന്നത്. നീതിമാൻ ആയി മാറുന്നത്.

ദൈവാലയ ഭണ്ഡാരത്തനെതിർ വശത്തിരുന്നുനേക്കിയ കർത്താവ് സമ്പന്നരുടെ കനത്ത സംഭാവനകൾ കാണാതെപോയതും ഉപജീവനത്തിനുള്ള വക മുഴുവൻ ദൈവാശ്രയതത്തിന്റെ ഭണ്ഡാരത്തിൽ നിക്ഷേപിച്ച് കടന്നുപോയ പാവപ്പെട്ട വിധവയുടെ ഹൃദയത്തിന് ആനന്തോത്സവും കണ്ടതും, നീതിമാന്യും നീതിരഹിതന്യുംമേൽ സൂര്യനെ ഉദിപ്പിക്കുകയും, ദുഷ്ടന്യും,ശിഷ്ടന്യും മേൽമഴപെയ്യിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവ് മാനുഷികമായ നീതിയ്ക്കപ്പുറത്തുള്ള ദൈവനീതിയെ സുവിശേഷത്തിലൂടെ അവതരിപ്പിക്കുകയാണിവിടെ.

പ്രാർത്ഥിക്കണം, കർത്താവെ അവിടുത്തെ ഹിതം മനസ്സിലാക്കുവാനും അവിടുത്തെ ഹിതം നിറവേറ്റാനും എന്നെ പഠിപ്പിക്കണമേ എന്ന്. സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ ഉരുവിടുന്നതുപോലെ അവിടുത്തെ ഹിതം ഭൂമിയിൽ നിറവേറ്റാൻ എന്നെ ഉപകരണം ആകണമേ എന്ന്.

Fr. Saji Vattukalam – Palghat Diocese – www.sundaypulpit.in